**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **85** **13.06.2012 ൽ മറുപടിക്ക്**

# മഴക്കാല രോഗ പ്രതിരോധവും ചികിത്സയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) മഴക്കാല രോഗപ്രതിരോധത്തിനും, ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | എ) മഴക്കാലരോഗങ്ങൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കുവാൻ ഈ വർഷം ജനുവരി മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ രോഗപ്രതിരോധപരിപാടികൾ ആവിഷ്കരിച്ച് മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കി വരികയാണ്. ജനുവരി 15-ന് തുടങ്ങി മാർച്ച് 15-ന് അവസാനിച്ച ഒന്നാം ഘട്ടത്തിൽ ജില്ലാതലം മുതൽ വാർഡ് തലം വരെ അവലോകന യോഗങ്ങൾ, കൊതുക്-കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവൽകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ മെയ് 15 ന് ആരംഭിച്ചു. ജൂലായ് 31 വരെ പ്രവർത്തനങ്ങൾ തുടരും. ഈ ഘട്ടത്തിൽ രോഗ പ്രതിരോധം, രോഗചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും, നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളിൽ |

ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

ബി) മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപാകതകളും അപര്യാപ്തതയും കാരണം മഴക്കാലത്തുണ്ടാകാവുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ജാഗ്രത പുലർത്തുന്നുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എടുത്തിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണ് ;

ബി) ഉണ്ട്. ശാസ്ത്രീയമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും നടത്തുവാൻ സംസ്ഥാനതലം മുതൽ പഞ്ചായത്ത് തലം വരെ വിവിധ വകുപ്പുകളുടെ ഏകോപന യോഗങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മാലിന്യ നിർമ്മാർജ്ജന സംസ്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആരോഗ്യവകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന ബോധവത്കരണത്തിലൂടെ ഉറവിടത്തിൽത്തന്നെ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

സി) ഇക്കാര്യത്തിൽ ജനങ്ങൾക്കിടയിലെ ബോധവൽക്കരണത്തിന് ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

സി) സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മാസ് എഡ്യൂക്കേഷൻ & മീഡിയ ആഫീസറുടെ നേതൃത്വത്തിലുള്ള ടീമും, ജില്ലാ തലത്തിൽ ജില്ലാ എഡ്യൂക്കേഷൻ & മീഡിയ ആഫീസറും, രണ്ട് ഡെപ്യൂട്ടി ജില്ലാ എഡ്യൂക്കേഷൻ & മീഡിയ ആഫീസർമാരും ഒരു ഗ്രേഡ്-1 ടെക്നിക്കൽ അസിസ്റ്റന്റും, രണ്ട് ഗ്രേഡ് 2

ടെക്നിക്കൽ അസിസ്റ്റന്റുമാരും, ജില്ലാ മലേറിയ ആഫീസറും ഉൾപ്പെടുന്ന ടീമുമാണ് ബോധവൽകരണം നടത്തുന്നത്.

ബ്ലോക്ക് തലത്തിൽ മെഡിക്കൽ ആഫീസർ ഇൻ-ചാർജ്, ഹെൽത്ത് സൂപ്പർവൈസർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ എന്നിവരും ഗ്രാമ പഞ്ചായത്ത് തലത്തിൽ മെഡിക്കൽ ആഫീസർ ഇൻ-ചാർജ്, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും സബ്സെന്റർ തലത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പി.എച്ച്. നഴ്സുമാരും അവരുടെ കീഴിൽ 'ആശ'മാർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരും ബോധവത്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

എൻ. ആർ.എച്ച്.എം.ൽ റേഡിയോ ഹെൽത്ത് ടീമും, ബി. ബി. സി.ടീമും ബോധവത്കരണം നടത്തുന്നുണ്ട്. കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള ഡോക്ടർമാരുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| ഡി) ഏതൊക്കെത്തരം രോഗങ്ങളാണ് മഴക്കാലത്ത് വരാൻ ഇടയുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ; | ഡി) ഉണ്ട്. ജലജന്യ രോഗങ്ങളായ വയറിളക്ക രോഗങ്ങൾ, കോളറ, ഹെപ്പറ്റൈറ്റിസ്-എ, ടൈഫോയ്ഡ് എന്നിവയും ജന്തുജന്യരോഗമായ എലിപ്പനിയും, |

കൊതുകുജന്യ രോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി, ജപ്പാൻജ്വരം എന്നിവയും മഴക്കാലത്ത് കൂടുതലായി വരാൻ സാദ്ധ്യതകളുള്ള രോഗങ്ങളാണ്.

ഇ) ഇത്തരം രോഗങ്ങളെ പ്രതിരോധിക്കാൻ സാധിക്കുംവിധം പി.എച്ച്.സി.കൾ ഉൾപ്പെടെയുള്ളവയെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. മഴക്കാല രോഗങ്ങൾ യഥാസമയം കണ്ടുപിടിക്കുന്നതിനും രോഗസ്ഥിരീകരണം നടത്തുന്നതിനും ചികിത്സിച്ച് രോഗം ഭേദമാക്കുന്നതിനും രോഗപ്പകർച്ച തടയുന്നതിനും തക്കവിധം പി.എച്ച്.സി.കൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ വേണ്ട സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ